**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4534** **19-07-2022 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണത്തിൽ അഴിമതി നടത്തിയവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എഴുപത് കോടി രൂപ ചെലവിട്ട് വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ടകൾ കെട്ടിയതിൽ വ്യാപകമായി അഴിമതി നടന്നതായി വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ചില വനം ഡിവിഷനുകളിൽ വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ടകൾ കെട്ടിയതിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി വനം വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദമായ അന്വേഷണം നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ; | (ബി) | അന്വേഷണം പൂർത്തിയാക്കി ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുകയുള്ളു. |
| (സി) | കുറ്റക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) | അന്വേഷണം അന്തിമമായി പൂർത്തികരിച്ചാൽ മാത്രമേ കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ